**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

നം.22963/ഡി.സി.1/2013/തസ്വഭവ

തിരുവനന്തപുരം, തീയതി: 03.05.2013

# സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ വിമുക്ത കേരളം മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2013 - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആരോഗ്യവകുപ്പും, ജീവനക്കാരും ഇതിനുള്ള തയ്യാറെടുപ്പുകൾ എടുക്കുന്നതിനോടൊപ്പം പ്രാദേശികമായി സുരക്ഷിത മാലിന്യ പരിപാലനവും, പരിസരശുചിത്വവും, കൊതുകിന്റെ ഉറവിടം നശിപ്പിച്ചും, ഓടകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ വൃത്തിയാക്കിയും, വീടും, പൊതുസ്ഥലവും വൃത്തിയായി പരിപാലിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ വിപുലമായ കാമ്പയിനും പ്രവർത്തനവും ഏറ്റെടുക്കേണ്ടതാണ്. ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തകരേയും ഈ കാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയും. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയം ഭരണം, നഗരകാര്യം, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ച പ്രവർത്തനം തദ്ദേശസ്ഥാപനതലത്തിൽ ഉറപ്പുവരുത്തണം.

## പഞ്ചായത്ത്/നഗരസഭാതല പ്രീ മൺസൂൺ കാമ്പയിൻ

പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പുതല പ്രവർത്തകരേയും വിദ്യാർഥികളേയും സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡ് തലത്തിൽ ശുചിത്വപ്രവർത്തനങ്ങളുടെ കണ്ടെത്തലും, ആസൂത്രണവും കർമ്മപരിപാടികളും തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തിയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഏപ്രിൽ നാലാം വാരം തന്നെ എല്ലാ ശുചിത്വ പ്രവൃത്തികളും ആരംഭിക്കുന്ന നിലയിൽ പ്രവൃത്തികളുടെ തുടക്കം ഉണ്ടാകണം. തുടർന്ന് ജൂൺ മാസം വരെ നീണ്ടു നിൽക്കുന്ന വിപുലമായ പ്രചാരണം ഓരോ വാർഡിലും സംഘടിപ്പിക്കണം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.

1. **വാർഡ്തല ശുചിത്വ കൂട്ടായ്മ**

വാർഡ്തലത്തിൽ ശുചിത്വ മാപ്പിംഗും, കർമ്മപദ്ധതി രൂപീകരണവും നടപ്പാക്കുന്നതിന് വിദ്യാർഥികളെയും സന്നദ്ധപ്രവർത്തകരേയും കണ്ടെത്തുന്നതിനും നേതൃത്വം നൽകുന്നതിനും വാർഡ് മെമ്പർമാർ/കൗൺസിലർമാർ നേതൃത്വം നൽകണം. വാർഡ് തലത്തിൽ വായനശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, മഹിളാസംഘടനകൾ, കുടുംബശ്രീ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപന പ്രതിനിധികൾ, ഗ്രാമ/നഗര തല ഉദ്യോഗസ്ഥർ എന്നിവരുടെയും സഹായം ഉറപ്പ് വരുത്തണം. ഇത്തരത്തിൽ വിളിച്ചുചേർക്കുന്ന 'വാർഡ്തല ശുചിത്വ കൂട്ടായ്മ'യിൽ വെച്ച് വേണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഏപ്രിൽ-മെയ്മാസങ്ങളിൽ എല്ലാ വാർഡ്തല ശുചിത്വ കൂട്ടായ്മകളും സംഘടിപ്പിക്കേണ്ടതാണ്.

2. **ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം**

വാർഡ്തലത്തിലെ ശുചിത്വ കൂട്ടായ്മയോടനുബന്ധിച്ച് കൂട്ടായ്മയിൽ പങ്കെടുക്കുന്ന വരെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. വാർഡിന്റെ വിസ്തൃതിയും, വീടുകളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തി ആവശ്യമായത്ര ശുചിത്വ സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കാവുന്നതാണ്. ഓരോ ശുചിത്വ സ്ക്വാഡിനും നേതൃത്വം നൽകേണ്ടത് ജനപ്രതിനിധി, എ.ഡി.എസ് അംഗങ്ങൾ, ആശാവർക്കർ എന്നിവരിലൊരാളായിരിക്കണം. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണത്തിനുശേഷം അവരെ വാർഡിലെ വിവിധ ഭാഗങ്ങളിലേക്ക് തുടർ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്. ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ഓരോ വീടും സന്ദർശിക്കുകയും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെടുത്തുകയും ചെയ്യുക.
- വാർഡിൽ സ്ഥിതിചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ (സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ) സന്ദർശിക്കുകയും ശുചീകരണ ബോധവൽക്കരണം നൽകുകയും ചെയ്യുക.
- ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കുടുംബങ്ങളോടും സ്ഥാപന ഉടമകളോടും സംവദിക്കുക.
- ആഴ്ചയിൽ ഒരു ദിവസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആ ദിവസത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
- കൊതുകുകളുടെ ഉറവിടങ്ങൾ നശിപ്പിക്കുക, ക്ലോറിനേഷൻ നടത്തുക മുതലായ ശുചിത്വ പ്രവർത്തനങ്ങൾ നടത്തുക.
- പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.
- ശുചിത്വ മാപ്പിംഗ് നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.
- മഴക്കാല പൂർവ്വ ശുചീകരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.

- ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്നവർ ആഴ്ചയിലൊരിക്കൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുക.

**3. വാർഡ്തല ശുചിത്വ മാപ്പിംഗ്**

സംസ്ഥാനത്തെ എല്ലാ നഗര/ഗ്രാമ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രശ്നങ്ങൾ, സ്ഥാപനത്തിൽ നിന്നും വീടുകളിൽ നിന്നും മലിനജലം പൊതു ഓടയിലേയ്ക്ക് തുറന്ന് വിടുന്ന പ്രശ്നങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, പ്ളാസ്റ്റിക് വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും ഒക്കെ കണ്ടെത്തുന്നതിന് നടക്കുന്ന കൂട്ടായ ശ്രമം ആണ് ശുചിത്വ മാപ്പിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം പ്രശ്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിന് വിദ്യാർത്ഥികളുടേയും, സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ എല്ലാ വാർഡിലും രൂപീകരിക്കുന്ന ശുചിത്വ സ്ക്വാഡുകൾ സഞ്ചരിച്ച് അപകടകരമായ സ്ഥലങ്ങൾ ആകെ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. വാർഡിൽ ഇത്തരത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കും. ഈ റിപ്പോർട്ടുകൾ പഞ്ചായത്ത്/ നഗരസഭാ തലത്തിൽ ക്രോഡീകരിക്കുകയും വേണം. റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിന് വേണ്ടി നഗരസഭ/ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ/വി.ഇ.ഒ എന്നീ ഉദ്യോഗസ്ഥരെ കൺവീനറാക്കി മൂന്നംഗ കമ്മറ്റിയെ നഗരസഭ/പഞ്ചായത്ത് ചുമതലപ്പെടുത്തണം.

**4. പഞ്ചായത്ത് /നഗരസഭാ തല കർമ്മ പരിപാടി**

പഞ്ചായത്ത്/നഗരസഭ തലത്തിൽ ഈ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ ആകെ ആസൂത്രണം ചെയ്യുന്നതിനുള്ള പ്രത്യേക പഞ്ചായത്ത് സമിതി വിളിച്ചു ചേർക്കുക. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കണം. ഈ യോഗത്തിൽ വച്ച് ചുവടെ പറയുന്ന പ്രധാന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ശുചിത്വ പ്ലാനിന് രൂപം നൽകണം.

- റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ
- തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ
- ജലസ്രോതസുകൾ വൃത്തിയാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- നിശ്ചിത മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനുള്ള നടപടികൾ. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണവും, സംസ്കരണ നടപടികളും
- കുറ്റിച്ചെടിയും മറ്റും മാറ്റൽ
- എലി, മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ
- ഉറവിട മാലിന്യ സംസ്കരണവും, സംയോജിത മാലിന്യസംസ്കരണ പദ്ധതികളും തയ്യാറാക്കൽ

○ പ്രോജക്ടുകൾ നിർണ്ണയിച്ച് ഫണ്ടും വകയിരുത്തി കർമ്മപദ്ധതി അംഗീകരിക്കണം. നിർവ്വഹണ ഏജൻസികളേയും നിശ്ചയിക്കണം.

## 5. 'ഡ്രൈഡേ' സന്ദേശം എല്ലാ വീടുകളിലേക്കും

എല്ലാ വീടുകളിലേക്കും ഡ്രൈഡേ' സന്ദേശം എത്തിക്കുന്ന നിലയിലുള്ള പ്രചാരണ പ്രവർത്തനത്തിന് ആരോഗ്യപ്രവർത്തകരായ 'ആശ' മാരുടെയും, പഞ്ചായത്ത്/മുൻസിപ്പൽ വാർഡ് അംഗങ്ങളുടെയും മറ്റു വകുപ്പുകളിൽ ജോലി നോക്കുന്ന ഗ്രാമതല പ്രവർത്തകരുടെയും നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ചുമതല നൽകുകയും അതാത് ഉദ്യോഗസ്ഥർ ഇതിന്റെ പുരോഗതി പരിശോധിക്കുകയും വേണം.

## 6. ബോധവൽക്കരണ പ്രവർത്തനങ്ങൾ

വാർഡ് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളോടൊപ്പം കൊണ്ടു പോകേണ്ടതാണ്. ഗാർഹികതലവും, സ്ഥാപനതലവും പ്രത്യേകമായി കണ്ടുകൊണ്ടാകണം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

### 6.1 ഗാർഹിക തലം

6.1.1 ശുചിത്വാരോഗ്യ പ്രവർത്തനങ്ങളെക്കുറിച്ച് ഓരോ കുടുംബത്തേയും ബോധവൽക്കരിക്കണം. വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഓരോ വീട്ടുകാരെയും ബോധ്യപ്പെടുത്തുന്നതിനും അത് അവരുടെ ഉത്തരവാദിത്വമാക്കി മാറ്റുന്നതിനുമുള്ള ഇടപെടലാണ് ഉണ്ടാവേണ്ടത്. ജൈവ-അജൈവ മാലിന്യങ്ങളും പുനഃചംക്രമണം സാധിക്കുന്നവയും സാധിക്കാത്തവയും അപകടകരമായ മാലിന്യങ്ങളും കണ്ടെത്തി വേർതിരിച്ച് പരിപാലിക്കുന്നതിന് ഓരോ കുടുംബവും ശ്രദ്ധിക്കേണ്ടതുണ്ട്. വീടുകളിലും പുരയിടങ്ങളിലും ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത് ഉടമസ്ഥന്റെ ചുമതലയാണെങ്കിലും ഇതിന് ഒരു സാമൂഹ്യമേൽനോട്ടം ആവശ്യമാണ്. ഇത്തരത്തിലുള്ള സാമൂഹ്യ ഇടപെടലുകളിലൂടെ മാത്രമേ മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന കേരളീയരുടെ സമീപകാല മാലിന്യ നിർമ്മാർജ്ജന മനോഭാവത്തിൽ മാറ്റം വരുത്താൻ കഴിയുകയുള്ളൂ. ഉറവിടത്തിൽ തന്നെ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ഉചിതമായ സങ്കേതങ്ങൾ (മൺകല കമ്പോസ്റ്റിംഗ്, പൂച്ചെട്ടി കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഭരണി കമ്പോസ്റ്റിംഗ്. റിംഗ് കമ്പോസ്റ്റിംഗ്. മോസ്പിറ്റ്, ബയോ പെഡസ്റ്റൽ കമ്പോസ്റ്റിംഗ്. മണ്ണിര കമ്പോസ്റ്റിംഗ്. ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങിയവ) ഉപയോഗിക്കുവാൻ നിർദ്ദേശം നൽകണം.

6.1.2 താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാവണം ഗാർഹിക തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- വീടിന് അനുബന്ധമായുള്ള പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിന്ന്. മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, പ്ലാസ്റ്റിക് കപ്പ്. പ്ലാസ്റ്റിക് ഷീറ്റ്. ഉടഞ്ഞ ഗ്ലാസ്. കുപ്പികൾ. കുപ്പിയുടെ അടപ്പുകൾ എന്നിവ ഉൾപ്പെടെ വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ശേഖരിച്ച് തരം തിരിച്ച് ഉപയോഗിക്കാൻ കഴിയുന്നവ ഉപയോഗിക്കുകയും അല്ലാത്തവ അനുയോജ്യമായ രീതിയിൽ സംസ്കരിക്കുകയും ചെയ്യുക.

- അടുക്കളയിൽ നിന്നും കുളിമുറിയിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടിക്കിടക്കുന്നില്ലെന്നും കിണറ്റിൻകരയിൽ ജലം കെട്ടിനിൽക്കുന്നില്ലെന്നും ഇത് പൊതു ഓടകളിലേയ്ക്ക് ഒഴുക്കി വിടുന്നില്ലെന്നും ഉറപ്പാക്കുക.
- വെള്ളം കോരിയെടുക്കാത്ത കിണറുകളിലും മോട്ടോർ സ്ഥാപിച്ചിട്ടുള്ള കിണറുകളിലും വെള്ളത്തിന്റെ മുകൾത്തട്ട് ചലിക്കാത്തതുകൊണ്ട് കൊതുക് വളരാൻ ഇടയാകും. ഇത്തരം കിണറുകൾ ഒന്നുകിൽ ക്ലോറിനേറ്റ് ചെയ്യുകയോ അല്ലെങ്കിൽ ഗപ്പി മത്സ്യം വളർത്തുകയോ വേണം. മലിനജലം മാത്രമല്ല ശുദ്ധജലവും കെട്ടികിടക്കാനിടയാകുന്നത് അപകടകരമാണെന്ന് ശ്രദ്ധയിൽപെടുത്തുക.
- ചെടിച്ചട്ടി, എയർ കളർ, റഫ്രിജറേറ്ററിന് അടിവശം മുതലായ സ്ഥലങ്ങളിൽ കൊതുക് മുട്ടയിട്ട് വളരാൻ ഇടയാക്കുന്ന സാഹചര്യമില്ലെന്ന് ഉറപ്പാക്കുക.
- കോൺക്രീറ്റ് വീടുകളിൽ ടെറസിലും കൈവരിക്കുള്ളിലും ജലം കെട്ടിനിൽക്കാൻ പാകത്തിൽ ചപ്പുചവറുകൾ ഇല്ലെന്നും മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നു എന്നും ഉറപ്പാക്കുക.
- മാലിന്യങ്ങൾ കുമിഞ്ഞു കൂടാൻ അനുവദിക്കാതിരിക്കുകയും അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.
- വെള്ളം കെട്ടി നിന്നും കൊതുക് മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പുവരുത്തുന്ന ഉറവിട നശീകരണം (ഡ്രൈ ഡേ) എല്ലാ ഞായറാഴ്ചയും വീടുകളിൽ ആചരിക്കണം.
- ഗാർഹിക മാലിന്യങ്ങളുടെ തരംതിരിക്കൽ, ജൈവമാലിന്യം ഉറവിട സംസ്കരണം ഉറപ്പാക്കൽ, ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉത്പാദനം.

6.1.3 ശുചിത്വകൂട്ടായ്മയോടനുബന്ധിച്ച് രൂപീകരിക്കുന്ന ശുചിത്വ സ്ക്വാഡുകൾ ഭവന സന്ദർശനം നടത്തുമ്പോൾ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ സന്ദേശം ഓരോ കുടുംബത്തിലും എത്തിക്കേണ്ടതാണ്. തുടർന്ന് മഴക്കാലം ആരംഭിച്ചതിന് ശേഷം ഭവന സന്ദർശനം നടത്തുന്നതിനായി ആശാ വർക്കേഴ്സ്, കുടുംബശ്രീ, ഹെൽത്ത് വോളന്റിയേഴ്സ്, യൂത്ത് കോ-ഓർഡിനേറ്റർ, എസ്.സി/എസ്.ടി പ്രമോട്ടർ സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഭവന സന്ദർശനം നടത്തേണ്ട ആൾക്കാരെ നിശ്ചയിച്ച് ടീമുകൾ രൂപീകരിക്കുകയും ഓരോ ടീമും സന്ദർശിക്കേണ്ട വീടുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നിർദ്ദേശം നൽകുകയും വേണം. ടീമുകൾ രൂപീകരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കായിരിക്കും. ആശാ വർക്കർ ഉൾപ്പെടെ ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരും പ്രവർത്തകരും ആരൊക്കെയാണെന്ന് പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ സെക്രട്ടറിയെ അറിയിക്കുകയും അവരുടെ സേവനം ഈ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുവെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പാക്കുകയും വേണം.

6.1.4 ടീമംഗങ്ങൾ ഓരോ വീടും സന്ദർശിച്ച് കാര്യങ്ങൾ വിശദീകരിക്കുകയും തുടർന്ന് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള വസ്തുക്കളും സ്ഥലങ്ങളും അതുപോലെ

മാലിന്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ കാണിച്ചുകൊടുക്കുകയും വേണം. ഇതിലൂടെ മാത്രമേ ശ്രദ്ധിക്കപ്പെടാതെ പോകുന്ന എത്രയെങ്കിലും വസ്തുക്കൾ ഓരോ പുരയിടത്തിലും രോഗകാരണങ്ങളായി ഉണ്ടെന്നും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിച്ച് ജൈവവളമാക്കാമെന്നും അത് സ്വന്തം പറമ്പിലെ പച്ചക്കറി കൃഷിക്ക്/ഉദ്യാന കൃഷിക്ക് ചെടികൾക്ക് നല്ല വളമാക്കിമാറ്റാമെന്നുമുള്ള തിരിച്ചറിവ് വീട്ടുകാരിൽ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ഇത്തരം അവബോധം സൃഷ്ടിക്കുകയായിരിക്കണം ഗൃഹ സന്ദർശനത്തിന്റെ ലക്ഷ്യം. <u>മൺസൂൺ ആരംഭിക്കുന്നതിന് മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ടീമംഗങ്ങൾ ഭവന സന്ദർശനം നടത്തണം.</u>

6.1.5 കൂടുതൽ ആളുകൾ ഒത്തുചേരുന്ന താഴെപ്പറയുന്ന വേദികൾ ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. ഖണ്ഡിക 6.1.3 ലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സംഘാംഗങ്ങളുടെ സേവനം ഇതിന് ഉപയോഗിക്കാവുന്നതാണ്.

- കുടുംബശ്രീയുടെ അയൽക്കൂട്ട യോഗങ്ങൾ
- കുടുംബശ്രീയുടെ ബാലസഭാ യോഗങ്ങൾ
- അംഗനവാടികളിലെ മദേഴ്സ് കമ്മിറ്റി യോഗങ്ങൾ
- എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ് മുതലായവ
- തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തി നടപ്പാക്കുന്ന സ്ഥലത്ത് ഉച്ചഭക്ഷണത്തിനുള്ള ഇടവേള
- റസിഡന്റ്സ് അസോസിയേഷൻ യോഗങ്ങൾ
- സ്കൂൾ, പി.റ്റി.എ കമ്മറ്റികൾ
- ഉത്സവുമായി ബന്ധപ്പെട്ട കൂട്ടങ്ങൾ

**6.2 സ്ഥാപനതലം**

6.2.1 സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും മാലിന്യമുക്തമാക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം അത്തരം സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർക്കാണ്. സ്ഥാപനത്തിലും പരിസരത്തുമുള്ള മാലിന്യങ്ങൾ അനുയോജ്യമായ രീതി അവലംബിച്ച് സംസ്കരിക്കുന്നതിനുള്ള ചുമതല അതത് സ്ഥാപനങ്ങൾക്കാണെന്ന് സ്ഥാപന മേധാവികളുടെ ഒരു യോഗം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ/ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത് ബോധ്യപ്പെടുത്തണം. ഇപ്രകാരം യോഗം വിളിച്ചു ചേർക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

6.2.2 ഗാർഹിക തലത്തിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. അതിന് സാമൂഹ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാല – കലാസമിതി പ്രവർത്തകർ, തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ എന്നിവർ കൂടി ഉൾപ്പെടുന്ന ശുചീകരണ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കമ്മിറ്റിയംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്ഥാപന പരിസരം

സന്ദർശിക്കേണ്ടതും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുന്ന രീതിയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

6.2.3 സ്വകാര്യ ആശുപത്രികൾ അവരുടെ സ്ഥാപനത്തിന് പുറമേ പരിസര പ്രദേശങ്ങളിൽ കൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ പ്രേരിപ്പിക്കേണ്ടതാണ്.

## 7. മറ്റ് പ്രവർത്തനങ്ങൾ

മേൽപ്രതിപാദിച്ച പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ലഘുലേഖകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ് ഷോകൾ മുതലായ പ്രവർത്തനങ്ങൾ കൂടി സംഘടിപ്പിക്കാവുന്നതാണ്. നവീന സാങ്കേതിക വിദ്യകളായ എസ്.എം.എസ്, എഫ്.എം. റേഡിയോ സന്ദേശം, ഫോൺ കോളർ ടോൺ തുടങ്ങിയവയും വിവര വിജ്ഞാന വ്യാപനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

**ആസൂത്രണം**

തദ്ദേശസ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ട ഊർജിത രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തല ശുചിത്വസമിതിയെ കൂടുതൽ കർമ്മോന്മുഖമാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഹയർസെക്കന്ററിയടക്കമുള്ള സ്ക്കൂൾ വിദ്യാർത്ഥികളെയും ഗ്രന്ഥശാലയടക്കമുള്ള സന്നദ്ധ പ്രസ്ഥാനങ്ങളെയും ഈ കാമ്പയിനിലേയ്ക്ക് കൊണ്ടു വരണം. വാർഡ്തലത്തിൽ ഇത്തരത്തിൽ കണ്ടെത്തുന്ന വിദ്യാർത്ഥികളെയും, സന്നദ്ധപ്രവർത്തകരേയും ശുചിത്വസമിതിയുടെ നേതൃത്വത്തിൽ കണ്ടെത്തി അവരുടെ കൂട്ടായ്മ സംഘടിപ്പിച്ചുകൊണ്ടു വേണം അടുത്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ. മേയ് മാസം ഒന്നാം വാരത്തിൽ തന്നെ എല്ലാ ഗ്രാമ/നഗര പ്രദേശങ്ങളിലും വാർഡ്തല ശുചിത്വ കൂട്ടായ്മകൾ ചേരുന്നതിന് കഴിയുന്ന നിലയിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. ഇതിൽ പങ്കാളികളാകുന്ന പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ പ്രശ്നങ്ങൾ കണ്ടെത്തുന്ന ശുചിത്വ മാപ്പിംഗും തുടർന്ന് വാർഡ്തലത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള കർമ്മപരിപാടി രൂപീകരണവും നടക്കണം. ഇത്തരത്തിൽ തയ്യാറാക്കുന്ന വാർഡ്തലകർമ്മപരിപാടികളെ പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഏകോപിപ്പിക്കുകയും, തദ്ദേശസ്ഥാപനഭരണസമിതിയിൽ ചർച്ച ചെയ്ത് അംഗീകാരം നേടി സമയബന്ധിതമായി പൂർത്തിയാക്കുകയും വേണം. സംഘാടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ബ്ലോക്ക് തലങ്ങളിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടേയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയേയും കൺവീനറായി നിയമിക്കാവുന്നതാണ്.

**പരിശീലനം**

കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിശീലനം നൽകേണ്ടതാണ്.

**സംസ്ഥാനതല നേതൃത്വ പരിശീലനം:** ഓരോ ജില്ലയിൽ നിന്നും എ.ഡി.സി (ജനറൽ) യെ കൂടാതെ ആരോഗ്യവകുപ്പ്, എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ,

ടി.എസ്.സി. ജില്ലാ മിഷൻ, നഗരസഭാ ഹെൽത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധി ഉൾപ്പെടുന്ന 7 പേരുടെ ടീമിന് പരിശീലനം നൽകേണ്ടതാണ്.

**ജില്ലാതല നേതൃത്വ പരിശീലനം**

ജില്ലാ മിഷൻ കോർഡിനേറ്റർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കൂടാതെ ബ്ലോക്കിൽ നിന്നും ആരോഗ്യവകുപ്പ്, എസ്. എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധി അടങ്ങുന്ന 5 പേരുടെ ടീമിന് ഓരോ ബ്ലോക്കിലും പരിശീലനം നൽകേണ്ടതാണ്.

**ബ്ലോക്ക്/ നഗരസഭ തല പരിശീലനം**

വാർഡ്തലത്തിൽ നിന്നും 2 പേർ (സാനിട്ടേഷൻ സമിതി കൺവീനർ/ ഉദ്യോഗസ്ഥപ്രതിനിധി, വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി), ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അഗ്രികൾച്ചറൽ ഓഫീസർ, വി.ഇ.ഒ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരെ പ്രസ്തുത പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ നഗര സഭാതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും കുടുംബശ്രീ പ്രവർത്തക രേയും ഉൾപ്പെടുത്തി പ്രത്യേകം പരിശീലനം സംഘടിപ്പിക്കണം. പരിശീലനത്തിന് അംഗസംഖ്യ കൂടുന്ന സാഹചര്യത്തിൽ 2 ബാച്ചുകളായി ഒരേ ദിവസം പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

**ഏകോപനം**

പഞ്ചായത്ത്തലത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ അദ്ധ്യക്ഷനും മെഡിക്കൽ ഓഫീസർ കൺവീനറായും, **മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ** അധ്യക്ഷനും ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കോ–ചെയർമാനായും മെഡിക്കൽ ഓഫീ സർ കൺവീനറായും വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ശുചിത്വ സമിതി ഏകോപന ചുമതല നിർവ്വഹിക്കണം. സന്നദ്ധ പ്രവർത്തകരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം അതാത് തദ്ദേശഭരണസ്ഥാപനത്തിനുണ്ട്. വാർഡ്തല സമിതികളും ഈയടിസ്ഥാന ത്തിൽ പുന:സംഘടിപ്പിക്കണം.

**മോണിറ്ററിംഗ്**

വാർഡ്തലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ശുചിത്വ ആരോഗ്യ സമിതി യോഗം ചേർന്ന് അവലോകനം ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും അവലോകന സമിതിയുടെ യോഗം ആഴ്ചയിലൊരിക്കൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം. മഴക്കാലത്ത് ഗൃഹ സന്ദർശനമടക്കം ഉറപ്പ് വരുത്തിക്കൊണ്ട് പകർച്ചവ്യാധി കൾക്കെതിരെയും, പടർന്ന് പിടിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കൊതുക് വളരുന്നത് തടയുന്നതിനും നടപടികൾ സ്വീകരിക്കണം. ജില്ലാ ആസൂത്രണ സമിതി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. ഈ പ്രവർത്തന ങ്ങൾക്ക് തുടർച്ചയായി സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തു കയും വേണം.

**വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ**

മഴക്കാല ശുചീകരണ കാമ്പയിനോടനുബന്ധിച്ച് വിവിധ വകുപ്പ്തല പ്രവർത്തനങ്ങൾ താഴെ തദ്ദേശസ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്നതിന് ശ്രദ്ധിക്കണം.

1. **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ**

- പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകനം തുടങ്ങിയ കാര്യങ്ങളിൽ നേതൃത്വം വഹിക്കുക
- വാർഡ് തലം മുതൽ സംസ്ഥാന തലം വരെയുള്ള രോഗ നിയന്ത്രണ അവലോകന സമിതികളുടെ അധ്യക്ഷൻ അതാതു തലങ്ങളിലെ ജന പ്രതിനിധി ആയിരിക്കും
- ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ ആരോഗ്യ കർമ്മ പദ്ധതികൾ തയ്യാറാക്കി സമയ ബന്ധിതമായി ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുക
- ഗ്രാമീണ മേഖലയിൽ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും പട്ടണപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിൽ പദ്ധതിയിലും അതതു മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച ശുപാർശകൾ നടപ്പിലാക്കണം.
- വാർഡ് തലത്തിൽ ആവശ്യാനുസരണം ആശ, സന്നദ്ധ പ്രവർത്തകർ, തൊഴിലാളികൾ, തുടങ്ങിയവരെ നിയോഗിച്ച് പ്രതിരോധ, നിയന്ത്രണ പ്രവർത്തനത്തിന് വഴിയൊരുക്കുക
- പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ്/അയ്യങ്കാളി നഗര തൊഴിലുറപ്പ് തുടങ്ങിയ പദ്ധതികളിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് എലിപ്പനി തുടങ്ങിയവക്കെതിരായി മുൻകരുതൽ നൽകാനാവശ്യമായ നടപടി സ്വീകരിക്കുക.
- ഡ്രൈഡേ ആചരണം വീടുകളിൽ മാത്രമല്ല സ്ഥാപനങ്ങൾ, പ്ളാന്റേഷനുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നിടങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിലും നടക്കുന്നുവെന്ന് ഉറപ്പാക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുക.

2. **വിദ്യാഭ്യാസ വകുപ്പ്**

- ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണം എന്നിവയുടെ വിവിധ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് കാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ സംയുക്തമായി ആലോചിച്ച് രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്.എസ്.എ ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിനെ കുറിച്ച് അവബോധം നൽകുക. സ്കൂൾ തലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുക.
- വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡ്, മറ്റു പൊതുസ്ഥാപനങ്ങൾ, പൊതുഇടങ്ങൾ എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനു സ്കൂൾ കുട്ടികളുടെയും, അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള

ആസൂത്രണം നടത്തുക, നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുക. ഉറവിട മാലിന്യ സംസ്കരണം ജൈവവളം ഉപയോഗിച്ച് ജൈവ കൃഷി നടത്തുന്ന സ്കൂൾ കുട്ടികൾ വഴി കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുക

- ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക (സ്ക്കൂൾ കുട്ടികൾ, ആശാ വോളണ്ടിയർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ തുടങ്ങിയവർ).
- ക്ലീൻ ആന്റ് ഹെൽത്തി ഹോം എന്ന നിലവാരത്തിലേക്ക് വീടിനേയും, വിദ്യാലയത്തേയും ഉയർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹകരണം നൽകുക.
- അധ്യാപകരേയും എല്ലാ കുട്ടികളേയും അവരവർ താമസിക്കുന്ന വാർഡ് തല പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക.
- പകർച്ച വ്യാധികളെ സംബന്ധിക്കുന്നതും മാലിന്യ സംസ്കരണ മേഖലയിലേയും ജൈവ കൃഷിയിലേയും ലഘു പ്രോജക്ടുകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുക

**3. കൃഷിവകുപ്പ്**

- കംപോസ്റ്റിംഗ്, മണ്ണിര കംപോസ്റ്റിംഗ്, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങിയ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക, കർഷകർക്ക് ക്ലാസുകൾ, കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ഡ്രൈഡേ ആചരണം, ജൈവിക നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കാൻ സഹകരിക്കുക
- കൊതുകുകൾക്കെതിരെ കീടനാശിനികൾ തളിക്കാൻ സ്പ്രേയർ ലഭ്യമാക്കുക
- തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക
- എലി നശീകരണം, എലിമട നിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുക
- തൊഴിലാളികളും കർഷകരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക
- കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുക.

**4. സാമൂഹ്യനീതി വകുപ്പ്**

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അംഗൻവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെ വോളണ്ടിയർമാരായും സൂപ്പർ വൈസർമാരായും നിയോഗിക്കുക
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക
- ക്ലാസുകളും, ബോധവത്കരണവും നടത്തുക

- അംഗൻവാടികളിലും, മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി, തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുക
- അങ്കണവാടികൾ സൃഷ്ടിക്കേണ്ട ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുക

**6. മൃഗസംരക്ഷണം**

- മൃഗങ്ങൾക്ക് ആവശ്യമായ വാക്സിനേഷൻ നൽകുക
- എലിപ്പനിക്ക് കാരണമാകുന്ന ജന്തുക്കളെപ്പറ്റി പഠനം നടത്തുക
- പന്നികൾ, ജലപക്ഷികൾ തുടങ്ങിയവയെ സൂക്ഷ്മ നിരീക്ഷണം നടത്തുക
- മൃഗങ്ങളിൽ നിന്നും രോഗം പകരാൻ കൂടുതൽ സാധ്യതയുള്ളവർക്ക് പ്രതിരോധ വാക്സിനേഷൻ നൽകുക
- ചെക്ക് പോസ്റ്റുകളിൽ ആവശ്യഘട്ടങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിക്കുക

**7. നഗരകാര്യം**

- കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും രോഗ നിയന്ത്രണ അവലോകന സമിതികൾ യോഗം ചേർന്ന് രോഗ പ്രതിരോധ നിയന്ത്രണം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുക
- പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് സമഗ്ര മാലിന്യ നിർമ്മാർജ്ജന ശുചിത്വാരോഗ്യ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക
- ഒരു വ്യക്തിയും സ്ഥാപനവും പകർച്ച വ്യാധിയുണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം, ആവശ്യമെങ്കിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുക
- കെട്ടിട നിർമ്മാണം, റോഡു നിർമ്മാണം, പൊതു മരാമത്തുകൾ, കുടിവെള്ള വിതരണം മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവക്ക് പകർച്ചവ്യാധി പ്രതിരോധിക്കുവാൻ ഉതകുന്ന രീതിയിൽ നിർവ്വഹിക്കപ്പെടുവാൻ വേണ്ട മാർഗ നിർദ്ദേശങ്ങൾ കൊടുക്കുക
- മഴയില്ലാത്ത സമയത്ത് അവശേഷിക്കുന്ന കൊതുകു ഉറവിടങ്ങളെ കണ്ടുപിടിച്ച് ഇല്ലായ്മ ചെയ്യുക, ഉണങ്ങിയ ഉറവിടങ്ങൾ ഉചിതമായി നീക്കം ചെയ്യുക
- നിരത്തുകളും ഓടകളും വൃത്തിയായി സൂക്ഷിക്കുക.

**8. പൊതുമരാമത്ത്, ഇറിഗേഷൻ**

- നിർമ്മാണ അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ വംശ വർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം
- ഓടകളിൽ ജലം കെട്ടിനില്ക്കുന്നില്ല എന്ന് ഉറപ്പാക്കണം
- കെട്ടിട നിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും മുകൾഭാഗത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക
- റോഡ്/കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക

### 9. ജല അതോറിറ്റി

- തുടർച്ചയായി ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- കുടിവെള്ളം രോഗാണു വിമുക്തമാക്കുക
- ജലവിതരണ കുഴലുകളുടെ അറ്റകുറ്റപണി നടത്തുക
- ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക
- ജല ദൗർലഭ്യമുള്ളിടത്ത് സംഭരിക്കപ്പെടുന്ന ജലം കൊതുകിന്റെ ഉറവിടമാകാതെ ശ്രദ്ധിക്കുക

### 10. ആരോഗ്യം

- തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള നിർവ്വഹണ അവലോകന കമ്മിറ്റികൾ യോഗം വിളിച്ചു ചേർക്കുക
- പ്രതിദിന റിപ്പോർട്ടിംഗ് നടത്തുക
- ട്രെയിനിംഗുകൾക്കും മറ്റും റിസോഴ്സ് പേഴ്സണെ പ്രദാനം ചെയ്യുക. ബോധവത്കരണം നടത്തുക
- സ്വതന്ത്ര നിരീക്ഷകരാവുക, പ്രോഗ്രാമുകൾ വിലയിരുത്തുക
- രോഗം പൊട്ടിപുറപ്പെടുമ്പോഴും അല്ലാത്തപ്പോഴും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തുക
- സന്നദ്ധ സേവകരെയും മേൽനോട്ടക്കാരെയും ലഭ്യമാക്കുക
- ആരോഗ്യ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കുക

ജി. ശിവപ്രസാദ്

അഡീഷണൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

18 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
19 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20 മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
21 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
22 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
23 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
24 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
25 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
26 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
27 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
28 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
29 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
30 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
31 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
32 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
33 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
34 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
35 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
36 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
4. തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം) വകുപ്പുകൾക്ക്

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ